DESPATCHED
On 06/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**

## ഹർജി നമ്പർ CP No. 706(2)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## (ഫയൽ നമ്പർ: 14631/SIC-G6/2020)

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ശരത് എം.ആർ,
സിംല നമ്പർ 4, TC 18/1986/4,
മങ്കാട് തിരുമല (പി.ഒ),
തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്,
തിരുവനന്തപുരം ഡിവിഷൻ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/11/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 17/12/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 17/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/03/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 02/11/2021 ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ശരത് എം.ആർ, 17/12/2020 തീയതി സമർപ്പിച്ച പരാതി ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 706(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കു എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. പരാതി ഹർജിക്കാരൻ 09/11/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. എത്ര പാർട്ട് ടൈം സ്വീപ്പർമാർ 2015-ൽ ഉണ്ടായിരുന്നുവെന്നും ഫുൾടൈം സ്വീപ്പർമാർ 2015-ൽ ഉണ്ടായിരുന്നുവെന്നും അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി, റിട്ടയർമെന്റ് തീയതി ലഭ്യമാക്കണമെന്നും
2. 2015-ന് ശേഷം നടത്തിയ പാർട്ട് ടൈം ഫുൾടൈം സ്വീപ്പർമാരുടെ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും
3. ഇപ്പോൾ നിലവിലുള്ള പാർട്ട്ടൈം സ്വീപ്പർമാരുടെ എണ്ണം എത്രയാണെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 19/03/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 09/11/2020-ൽ സമർപ്പിച്ച അപേക്ഷയിൽ 10 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പാണ് പതിച്ചിരിക്കുന്നതെന്നും ഭവന നിർമ്മാണ ബോർഡ് ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാക്കുന്നതിലേയ്ക്കായി 10/- രൂപ ടി ഓഫീസിൽ അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും അഡ്രസ്സി "Left" എന്ന മേലെഴുത്തോടെ കത്ത് തിരികെ വരികയാണുണ്ടായതെന്നും 09/11/2020, 27/11/2020 എന്നീ തീയതികളിലേ കത്തുകളുടെ പകർപ്പുകൾ അറിവിലേയ്ക്കും മേൽ ഉത്തരവിനുമായി ഉള്ളടക്കം ചെയ്യുന്നു എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ടിയാൻ കമ്മീഷൻ മുമ്പാകെ 19/03/2021-ൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 02–ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV